ചെമ്മീൻപരിപ്പിന്റെ വിലയിടിവ്.

* 1051. [51] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്മീൻപരിപ്പിന്റെ വിലയിടിവു നിമിത്തം തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സാമ്പത്തികമായി വലിയ കഴപ്പം അനുഭവിക്കേണ്ടിവരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബർമ്മായിൽ ചെമ്മീൻപരിപ്പ് കയറ്റി അയയ്ക്കുന്നതിന് പ്രതിബന്ധമുള്ളതുകൊണ്ട് ചെമ്മീൻപരിപ്പിന് പുതിയ മാർക്കറ്റുകൾ കണ്ടുപിടിക്കുന്നതിന് വല്ല ശ്രമവും ചെയ്യുന്നുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ചെമ്മീൻ പരിപ്പിന്റെ വിലയിടിവു നിമിത്തം തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സാമ്പത്തിക കഴപ്പം അനുഭവിക്കേണ്ടി വരുന്നുണ്ടെന്നു ഗവണ്മെന്റിനറിയാം.

(ബി) ചെമ്മീൻപരിപ്പിനു പുതിയ മാർക്കറ്റുകൾ കണ്ടുപിടിക്കുന്നതിനു ഗവണ്മെന്റ് ശ്രമിക്കുന്നുണ്ട്.

കൊല്ലം തുറമുഖം.

* 1052. [52] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം പോർട്ടിൽ പണിയുവാനുദ്ദേശിച്ചിരിക്കുന്ന പീയർ നീണ്ടകരയിലേയ്ക്ക് മാറ്റി പണിയണമെന്നു് എന്തെങ്കിലും ഉപദേശം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) നീണ്ടകരയിലേയ്ക്ക് മാറ്റരുതെന്നു് ഗവണ്മെന്റിനു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഗവണ്മെന്റ് എന്തു് തീരുമാനമെടുത്തു ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പീയർ കൊല്ലത്തുതന്നെ പണിയുവാനാണ് ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നതു്.

അദ്ധ്യാപകന്മാരുടെ സ്ഥലം മാറ്റം.

* 1053. [53] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദൂരസ്ഥലങ്ങളിൽ ജോലിനോക്കുന്ന അദ്ധ്യാപകന്മാർക്ക് കഴിവതും അവരുടെ നാടിനോടു സമീപിച്ചുള്ള സ്ഥലങ്ങളിലേയ്ക്ക് സ്ഥലം മാറ്റം കൊടുക്കണമെന്നുള്ള നയം ഈ ഗവണ്മെന്റിനുണ്ടോ ;

(ബി) എങ്കിൽ ആ നയം അനുസരിച്ച് ഉദ്യോഗസ്ഥന്മാർ സ്ഥലംമാറ്റം കൊടുത്തില്ലെന്നു് ഗവണ്മെന്റിനു് പരാതി ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്; ലഭിച്ച പരാതികളിന്മേൽ വേണ്ട നടപടി നടത്തിയിട്ടുണ്ട്.

പി. ഡബ്ലിയു. ഡി. ജോലികൾ.

* 1054. [54] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ലിയു. ഡി. സബ്ഡിവിഷൻ കമ്മിറ്റിയിൽ പാസാക്കുന്ന ജോലികൾ ചെയ്തീർക്കണമെന്ന് പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) സബ്ഡിവിഷൻ കമ്മിറ്റികളിൽ പ്രയോറിട്ടി കൊടുത്തു പാസാക്കുന്ന തീരുമാനങ്ങൾ ഉദ്യോഗസ്ഥന്മാർ അവഗണിക്കുന്നുണ്ടോ;

(സി) 1954 ഒടുവിൽ തിരുവല്ലാ സബ്ഡിവിഷൻ കമ്മിറ്റി പ്രാധാന്യം കൊടുത്തു പാസാക്കിയ പല ജോലികളും ഇതുവരെ തുടങ്ങിയിട്ടുപോലുമില്ല എന്ന് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) അവഗണിക്കുക എന്ന പ്രശ്നം ഉദിക്കുന്നില്ല. കാരണം സബ്ഡിവിഷൻ കമ്മിറ്റികളുടെ തീരുമാനത്തിന്മേൽ അവസാനതീർച്ചകല്പിക്കാൻ അധികാരമുള്ള സെൻട്രൽ വർക്സ് കമ്മിറ്റിയുടെ അഭിപ്രായംകൂടി പരിഗണിച്ചുള്ള ഗവണ്മെൻറുത്തരവനുസരിച്ചാണ് ഉദ്യോഗസ്ഥന്മാർ നടപടി എടുക്കുന്നത്.

(സി) ഇല്ല.

കശുഅണ്ടി ഫാക്റ്ററികൾ.

* 1055. [55] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കശുഅണ്ടിഫാക്റ്ററികൾ പലതും അടച്ചുപൂട്ടിയതായും മറ്റു ഫാക്റ്ററികൾ പൂട്ടുവാൻ നോട്ടീസിട്ടിട്ടുള്ളതായും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

തോട്ടണ്ടിയുടെ അഭാവംമൂലം സംസ്ഥാനത്തുള്ള ഏതാനും കശുഅണ്ടി ഫാക്റ്ററികൾ പൂട്ടിയതായും ബാക്കിയുള്ളവ താമസിയാതെ പൂട്ടുന്നതിനുവേണ്ടി നോട്ടീസിട്ടതായും അറിയാം.

റീട്ടെയിൽ വ്യാപാരികൾക്കുള്ള റീഫണ്ട്.

* 1056. [57] ശ്രീ. പി. എം. മർക്കോസ്: താഴെ പറയുന്ന 3 ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്ക് സ്പെഷ്യൽ അരിയുടെ വില കൂപ്പുവിൽപ്പിച്ച ഇനത്തിൽ ഗവണ്മെൻറ് റീഫണ്ട് ചെയ്യാനുള്ള തുക;

LIBRARY ARCHIVES Kerala Legislative Assembly